# ‘‘നിർമ്മൽ വിദ്യാഭ്യാസ സഹായ പദ്ധതി’’ ഉദ്ഘാടനം ചെയ്തു

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ‘‘നിർമ്മൽ വിദ്യാഭ്യാസ സഹായ പദ്ധതി’’ യുടെ ഉദ്ഘാടനം ശ്രീ.രാജു എബ്രഹാം എം.എൽ.എ നിർവ്വഹിച്ചു. റാന്നി സെന്റ് തോമസ് അരമനയിൽ നടത്തപ്പെട്ട സമ്മേളനത്തിൽ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസനത്തിന്റെ 5–ാം വാർഷികത്തോടനുബന്ധിച്ച്, 2010–ൽ ജനിച്ച കുട്ടികളുടെ 1–ാം ക്ലാസ്സ് മുതലുള്ള വിദ്യാഭ്യാസം ഏറ്റെടുത്തു നടത്തുന്ന ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 12 കുട്ടികൾക്കുള്ള സഹായ വിതരണവും പഠനോപകരണ വിതരണവും അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, റവ.ഫാ.ജോജി മാത്യു, റവ.ഫാ.സൈമൺ വർഗീസ്, ശ്രീ.കെ.എ.എബ്രഹാം, ശ്രീമതി നാൻസി വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.